"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം-പാലക്കാട് മെഡിക്കൽ കോളേജിലെ (IIMS) പി.ജി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഫീൽഡ് ഏരിയ സർവ്വേ പ്രവർത്തനങ്ങളും നടത്തുന്നതിന് ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1156/2026/H&FWD തീയതി,തിരുവനന്തപുരം, 18-03-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം. 1173/2016/ആ.കു.വ തീയതി 16/04/2016.
2. സ.ഉ (സാധാ) നം. 660/2019/ആ.കു.വ തീയതി 14/03/2019.
3. പാലക്കാട് മെഡിക്കൽ കോളേജ് ഡയറക്ടറുടെ 10/12/2025-ലെ ഇ7/6194/2025/ജി എം സി/പി കെ ഡി നം. കത്ത്
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 27/01/2026-ലെ എസ്.സി.ഡി.ഡി/25/2026-സി2 (ഇ.ഡി.എൻ.സി) നം. കത്ത്

**ഉത്തരവ്**

പാലക്കാട് മെഡിക്കൽ കോളേജിലെ (IIMS) പി.ജി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഫീൽഡ് ഏരിയ സർവ്വേ പ്രവർത്തനങ്ങളും നടത്തുന്നതിനായി പ്രൈമറി ഹെൽത്ത് സെന്റർ പേരുവെമ്പ (RHTC), അർബൻ ഹെൽത്ത് സെന്റർ ഡയറ സ്ട്രീറ്റ് (UHTC) പാലക്കാട്, പ്രൈമറി ഹെൽത്ത് സെന്റർ കോട്ടത്തറ (GTSH) എന്നിവ ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന പാലക്കാട് മെഡിക്കൽ കോളേജ് ഡയറക്ടറുടെ പരാമർശം (3) അപേക്ഷ ശിപാർശ ചെയ്ത് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് മെഡിക്കൽ കോളേജിലെ പി.ജി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഫീൽഡ് ഏരിയ സർവ്വേ പ്രവർത്തനങ്ങളും നടത്തുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്റർ പെരുവെമ്പ (RHTC), ഡയറ സ്ട്രീറ്റ് അർബൻ ഹെൽത്ത് സെന്റർ (UHTC) പാലക്കാട്, ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി (GTSH) കോട്ടത്തറ എന്നിവ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

തരുൺ ലാൽ.എസ്

Signed by
Tharun Lal. S
Date: 18-03-2026 12:49:02

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ ,പട്ടികജാതി വികസന വകുപ്പ് ,തിരുവനന്തപുരം

ഡയറക്ടർ, പാലക്കാട് മെഡിക്കൽ കോളേജ്.

പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, ഗവ. സെക്രട്ടറിയറ്റ്.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (എസ് 1/51/2026/ആ.കു.വ )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Ragasmitha V M
Date: 21-03-2026 11:39:21